# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4471 18-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.പാറക്കൽ അബ്ദുല്ല ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**എസ്.ബി.ടി - എസ്.ബി.ഐ ബാങ്കുകളുടെ ലയനം**

| | |
|---|---|
| എസ്.ബി.ടി - എസ്.ബി.ഐ ബാങ്കുകളുടെ ലയനം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾക്ക് കാരണമാകുമെന്ന കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | 2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യം നൽകിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള 5 പൊതുമേഖല ബാങ്കുകളെ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരുന്നത്. അതിന്റെ തുടർച്ചയായുള്ള ഡേറ്റ മെർജർ ഉൾപ്പെടെയുള്ള നടപടികൾ നടന്നു വരുന്നതേയുള്ളൂ. അതുകൊണ്ടുതന്നെ ബാങ്കുകളുടെ ലയനം എല്ലാ അർത്ഥത്തിലും പൂർത്തിയാകുന്നതിന് ഇനിയും സമയം വേണ്ടി വരും. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ലയനം മൂലമുണ്ടായേക്കാവുന്ന മാറ്റങ്ങൾ വരുംദിനങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെട്ട് തുടങ്ങുകയുള്ളൂ. എന്നിരുന്നാലും ലയനത്തിന്റെ ഭാഗമായി പ്രതീക്ഷിക്കുന്ന എസ്.ബി.ടി ശാഖകളുടെ അടച്ചുപൂട്ടലും കേരളീയർക്ക് എസ്.ബി.ടി.യോട് ഉണ്ടായിരുന്ന വൈകാരിക ബന്ധം നഷ്ടപ്പെടുന്നതുമൂലം എൻ.ആർ.ഐ.കളുടേതടക്കമുള്ള നിക്ഷേപങ്ങളിൽ സൃഷ്ടിച്ചേക്കാവുന്ന വൻ ഇടിവും എറ്റെടുക്കലിനുശേഷം ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ വായ്പാശേഷിയെ ലയനത്തിനു മുമ്പുള്ള എസ്.ബി.ടി.യുടെയും എസ്.ബി.ഐ.യുടെയും അപേക്ഷിച്ച് സാരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ഇതുകൂടാതെ ഏകദേശം 90 ശതമാനത്തോളം നിക്ഷേപവും എസ്.ബി.ടി |

| | |
|---|---|
| | വായ്പയായി ചെലവഴിച്ചിരുന്നത് കേരളത്തിലാണ്. പുതിയ സാഹചര്യത്തിൽ അങ്ങനെയൊരു സമീപനം പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. സംസ്ഥാന സർക്കാരിന്റെ ഏജൻസി ബാങ്കായ എസ്.ബി.ടി.യുമായി ചേർന്നാണ് ബഹുഭൂരിപക്ഷം ട്രഷറികളും പ്രവർത്തിച്ചുവന്നിരുന്നത്. സംസ്ഥാനത്തിന്റെ കാർഷിക, വ്യാവസായിക, സ്വയംതൊഴിൽ, ചെറുകിട, ഗ്രാമീണ മേഖലകളിൽ ആവശ്യമായ മൂലധനം വായ്പയായി നൽകുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിരുന്ന എസ്.ബി.ടി. സർക്കാരുമായി ചേർന്ന് സബ്സിഡികൾ അനുവദിക്കുന്നതിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, ചെറുകിട വ്യവസായം, പരമ്പരാഗത തൊഴിൽ തുടങ്ങിയ മേഖലകളിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളിൽ കൃത്യമായ വായ്പ ഇടപെടലിലൂടെ എസ്.ബി.ടി വഹിച്ച പങ്ക് സ്തുത്യർഹമാണ്. സംസ്ഥാനത്തിന്റെ ഉയർന്ന ബാങ്കിംഗ് സാന്ദ്രത, ലയനത്തിന്റെ ഭാഗമായി എസ്.ബി.ടി. ശാഖകളുടെ അടച്ചുപൂട്ടലിനെ തുടർന്ന് പ്രകടമായ തോതിൽ കുറയുവാൻ സാധ്യതയുണ്ട്. മേൽസാഹചര്യത്തിൽ ബാങ്കുകളുടെ ലയനം സംസ്ഥാനത്തിന് വൈകാരിക ബന്ധമുണ്ടായിരുന്ന എസ്.ബി.ടി.യുടെ അസ്തിത്വം ഇല്ലാതാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ് ഘടനയുടെ വിവിധ മേഖലകളിൽ വായ്പാ ലഭ്യതയിൽ ഉണ്ടാകുന്ന ഇടിവ് സംസ്ഥാന സമ്പദ്ഘടനയ്ക്ക് അനുഗുണമല്ലാത്ത ഒരു സാഹചര്യം സൃഷ്ടിക്കുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. |

സെക്ഷൻ ഓഫീസർ